**865**

1 കരുണയിൻ പരിപാലനം എന്നും ചൊരിയണമീ ദാസനിൽ (2)
മരണംവരെയും ശരണം നിൻചരണം (2) തരണം നിൻ പാദമഭയം
ഈ ഏഴയിൽ കനിയണമേ സദയം (2)

2 കാർമുകിലേറിടുമ്പോൾ ജീവിതം കൂരിരുൾ നിറഞ്ഞിടുമ്പോൾ
കാണുമേ ഞാൻ മേഘേ മാരിവില്ലൻ ശോഭ
ഏശിടുമേ ഹൃദയേ മെല്ലെ ഈശനെ നിൻ മൊഴികൾ-

3 എൻ പാദം തളർന്നിടുമ്പോൾ ചുമലിൽ വൻഭാരം വന്നിടുമ്പോൾ (2)
നരച്ചിടുവോളം ചുമന്നിടാമെന്നുള്ള വാഗ്ദത്ത മോർത്തിടുന്നു ദിനവും
യാത്ര ഞാൻ തുടർന്നിടുന്നു (2)

4 സ്തോത്രം സദാ പരനേ നിന്നെ കീർത്തനം ചെയ്തിടുന്നേ (2)
യേശു മഹേശനെ ജീവനാധാരമേ (2) ആശയാൽ നിറഞ്ഞിടുന്നേ
എൻമാനസം താണു വണങ്ങിടുന്നേ (2) **B.J.**